**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **12-09-2023 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി റോഡപകടങ്ങളും അതുവഴിയുള്ള ജീവഹാനിയും പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് അപകടങ്ങളിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സേഫ് കേരള പദ്ധതി പ്രകാരം 2018 വർഷത്തിൽ 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അനുവദിക്കുകയും, നിലവിലുണ്ടായിരുന്ന 34 സ്ക്വാഡുകൾ ചേർത്ത് ആകെ 85 സ്ക്വാഡുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ വാഹന പരിശോധനയ്ക്കു പുറമേ റോഡ്സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, റോഡ് അപകടങ്ങൾക്ക് കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പരിഹാരം കാണൽ എന്നീ ചുമതലകൾ കൂടി നിറവേറ്റുന്നു. പ്രസ്തുത വാഹന പരിശോധനകൾക്ക് പുറമെ 2020 വർഷത്തിൽ 726 എ.ഐ.ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുകയും ആയത് 2023 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രസ്തുത ക്യാമറകൾ മുഖേന കൂടുതലായി നിയമലംഘനങ്ങൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) | ശാസ്ത്രീയവും ഫലപ്രദവുമായി നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം നൽകാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

| Accident Details | | | |
|---|---|---|---|
| Month | No of Accidents | No of Fatality | No of Injuries |
| Jun-22 | 3714 | 344 | 4516 |
| Jun-23 | 3787 | 276 | 4247 |
| | | Fatality reduced by **68** | |
| Jul-22 | 3316 | 313 | 3999 |
| Jul-23 | 3570 | 264 | 4056 |
| | | Fatality reduced by **49** | |
| Aug-22 | 3366 | 307 | 4040 |
| Aug-23 | 1065 | 58 | 1197 |
| | | Fatality reduced by **249*** | |

* As per SCRB data on 5/9/2023